HON'BLE MR. T. K. NARAYANA PILLAI : ഒരു കമ്പനിയെക്കുറിച്ചല്ല നാറു കമ്പനിയെക്കുറിച്ചാണു ചോദിച്ചിട്ടുള്ളതു്.

MR. P. S. MOHAMMED (*Muvattupuzha I—Muslim*) : ഈ കമ്പനികളെല്ലാം ഇപ്പോൾ ശരിയായി നടക്കുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അതേ സംബന്ധിച്ച് അന്വേഷിക്കാം.

MR. MOHAMMED MUSTAFA (*Pathanapuram—Muslim*) : ഇപ്പോൾ ഏതെങ്കിലും രൂക ആ കമ്പനിക്കു കടമായി കൊടുത്തിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഇപ്പോൾ കൊടുത്തിട്ടില്ല.

MR. T. A. ABDULLA (*Ambalapuzha I—Muslim*) : ഷെയറു കാം വാങ്ങിക്കുകയും കൊടുക്കുകയും ചെയ്യുന്ന ഏർപ്പാടു ഗവണ്മെൻറിനുണ്ടായിരുന്നോ?

HON'BLE MR. T. K. NARAYANA PILLAI : അതേക്കുറിച്ചൊന്നും ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. K. RAMACHANDRAN (*Pathanamthitta I—Kammala*) : ഇങ്ങനെ ധാരാളം ഷെയറുകാം കമ്പനികളിൽനിന്നും എടുത്തിട്ടുള്ളപ്പോൾ ഇൻഡസ്ട്രിയൽ ലയിസൺ ആഫീസറുമായി ഗവണ്മെൻറ് ആലോചിച്ചിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഇൻഡസ്ട്രിയൽ ലയിസൺ ആഫീസറുടെ ജോലി ഇതു മാത്രമല്ല. അതെങ്ങനെ വേണമെന്നു നിശ്ചയിക്കേണ്ടതു് ഗവണ്മെൻറാണു്.

HON'BLE MR. T. K. NARAYANA PILLAI : Sir, I claim protection from the President. These supplementary questions do not for a moment arise from the main question that was asked.

MR. PRESIDENT : No discussion is allowed on that. Order, order.

Express Buses.

252 **MR. P. T. CHACKO** (*Kottayam II—General*) : Will the Hon'ble Minister for Transport be pleased to state :

(*a*) the number of Express Buses now running in the Kottayam-Vaikom route ;

(*b*) the number of trips ;

(*c*) the lowest fare, in the said route ;

(*d*) the lowest fare for Express transport buses in other routes ;

(*e*) whether over-loading of express buses are permitted in this route ; and

(*f*) the reasons for allowing over-loading and fixing a minimum fare different from that in other routes ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. R. ELANKATH:

(*a*) Three.

(*b*) Twelve.

(*c*) Chs. 7.

(*d*) 7 chs. for routes not exceeding 30 miles in length and 14 chs. for other routes.

(*e*) No.

(*f*) Does not arise in view of the answers to parts (d) and (e).

MR. P. T. CHACKO: കോട്ടയം വൈക്കം ലൈനിൽ ഓടുന്ന ബസ്സുകളിൽ ഓവർലോഡിംഗ് ഉണ്ടെന്നുള്ളതിനെപ്പറ്റി ഗവണ്മെന്റിനു പരാതി ലഭിച്ചിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH: പരാതികൾ ലഭിച്ചിട്ടുണ്ട്.

MR. P. T. CHACKO: ഈ ഓവർലോഡിംഗിനെ നിരോധിക്കാൻ തക്കവണ്ണം എന്തെങ്കിലും നടപടി എടുക്കണമെന്നു ഗവണ്മെന്റിനു വിചാരമില്ലേ?

HON'BLE MR. K. R. ELANKATH: മേലാൽ ഉണ്ടാകാതിരിക്കത്തക്കവണ്ണം ഏർപ്പാടു ചെയ്തിരിക്കയാണ്.

MR. P. T. CHACKO: ഷാർട്ട് ലൈനിലും ലാംഗ് ലൈനിലും ഉള്ള ചാർജ്ജുകൾ ദൂരമനുസരിച്ച് ഇന്നതു എന്നു നിശ്ചയിച്ചിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH: ഓരോ സ്ഥലവും അതിന്റെ ദൂരമനുസരിച്ചാണ് ചാർജ് നിശ്ചയിച്ചിരിക്കുന്നതു.

MR. P. T. CHACKO: എക്സ്പ്രസ്സ് ബസ്സുകൾ എന്നു പേരില്ലാതെ അതിന്റെ ചാർജിനനുസരിച്ചുള്ള സൗകര്യങ്ങൾ ബസ്സിൽ ഇല്ലെന്നുള്ളതു ഗവണ്മെന്റിനറിയാമോ?

HON'BLE MR. K. R. ELANKATH: എക്സ്പ്രസ്സിന് എന്തെല്ലാം സൗകര്യങ്ങളുണ്ടോ ആ സൗകര്യങ്ങളൊക്കെ അതിലുണ്ടായിരിക്കും.

MR. P. T. CHACKO: ആലുവായിൽനിന്നും എറണാകുളത്തുപോകുന്ന ബസ്സിനും കോട്ടയത്തുനിന്നും വൈക്കത്തുപോകുന്ന ബസ്സിനും ഒരേ ദൂരം അല്ലെങ്കിലും ഒരേ ചാർജാണു നിശ്ചയിച്ചിരിക്കുന്നതെന്നറിയാമോ?

HON'BLE MR. K. R. ELANKATH: അതിന്റെ ചാർജിനെപ്പറ്റി ഇപ്പോൾ ഒന്നും പറയാൻ നിവൃത്തിയില്ല.

MR. P. T. CHACKO: പ്രൈവറ്റു ബസ്സുകളിൽ ധാരാളം ഓവർലോഡുകൾ കയറുന്നതിനെപ്പറ്റി വല്ല പരാതികളും ഉണ്ടായിട്ടുള്ളതായി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. R. ELANKATH: പ്രൈവറ്റ് ബസ്സുകളിൽ ഓവർ ലോഡുകൾ കയറ്റുകയാണെങ്കിൽ അവരുടെമേൽ ഗവണ്മെന്റ് നടപടി എടുക്കുന്നതായിരിക്കും.

MR. P. S. NATARAJA PILLAI; Is there any system of reservation in the Express Bus that runs to Vaikom?

HON'BLE MR. K. R. ELANKATH: റിസർവേഷൻ എന്ന് ഒന്നുണ്ട്

MR. K. SIVARAMA PILLAI (*Thovala--General*): What is the Maximum percentage of overloading allowed to ordinary buses?

HON'BLE MR. K. R. ELANKATH: ചിലപ്പോൾ രണ്ടോ മൂന്നോ ആളുകളെ കൂടുതൽ കയറി എന്നു വന്നേക്കാം.

പിന്നോക്കസമുദായക്കാരുടെ സ്ഥലങ്ങൾ.

* 253. **MR. P. K. KRISHNAN SASTRI** (*Meenachil II---Pulayar Reserved*):

താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ?

പിന്നോക്കസമുദായങ്ങളുടെ പൊതു ഉപയോഗത്തിലിരുന്നതും പിന്നോക്കസമുദായങ്ങൾക്കായി പ്രത്യേകം തിരിച്ചിടപ്പെട്ടിരുന്നതുമായ പല സ്ഥലങ്ങളും ഇപ്പോൾ ഇതരസമുദായക്കാർ ബലം പ്രയോഗിച്ചു കൈവശപ്പെടുത്തിവരുന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI: പിന്നോക്കസമുദായങ്ങൾക്കു പ്രത്യേകം തിരിച്ചിട്ടിരുന്ന സ്ഥലങ്ങൾ ഇതരസമുദായക്കാർ കൈയ്വശപ്പെടുത്തിയിട്ടുള്ളതായി ഗവണ്മെന്റിനറിവില്ല.

MR. P. K. KRISHNAN SASTRI: പിന്നോക്കസമുദായങ്ങൾക്കുവേണ്ടി അനുവദിക്കപ്പെട്ടിരുന്ന സ്ഥലങ്ങൾ അതാതു സ്ഥലത്തെ ഉദ്യോഗസ്ഥന്മാർ മുഖാന്തിരം സ്വാധീനശക്തിയുള്ള ആളുകൾക്കു കൊടുത്തിട്ടുണ്ടോ എന്നാണു ഞാൻ ചോദിച്ചതു്.

HON'BLE MR. T. K. NARAYANA PILLAI: ഈ മാതിരിയുള്ള സംഗതികൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാ എന്നു ഞാൻ മുൻപു പറഞ്ഞുകഴിഞ്ഞു.

MR. P. K. KRISHNAN SASTRI: ഞാൻ പറഞ്ഞതു ശരിയാണെന്നു ഗവണ്മെന്റിനു ബോദ്ധ്യപ്പെട്ടാൽ വേണ്ട നടപടി എടുക്കുന്നതിൽ ഗവണ്മെന്റിനു മടിയുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly